Draft #39 of File 125611/AD A5-1/2023/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 29-Nov-2024 04:45 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - സർവ്വകലാശാല ലൈബ്രറി - 12.11.2024 തീയതിയിൽ കൂടിയ ലൈബ്രറി ഉപദേശക സമിതി യോഗ തീരുമാനങ്ങൾ -അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 10858/AD A 5/2024/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 30.11.2024

---

*പരാമർശം:*-1 . ലൈബ്രേറിയൻ ഇൻ ചാർജ്ജിന്റെ 16.10.2024 തീയതിയിലെ കത്ത്.

2 .ലൈബ്രറി ഉപദേശക സമിതി 12.11.2024 തീയതിയിൽ കൂടിയ യോഗത്തിന്റെ മിനുട്സ്.

**ഉത്തരവ്**

ലൈബ്രറി ഉപദേശക സമിതിയുടെ യോഗം വിളിച്ച് ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ലൈബ്രേറിയൻ ഇൻ ചാർജ്ജ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ലൈബ്രറി ഉപദേശക സമിതിയുടെ യോഗം 12.11.2024 തീയതിയിൽ വൈസ് ചാൻസലറുടെ ചേംബറിൽ കൂടുകയും ടി യോഗം താഴെ പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു .

1. സർവ്വകലാശാല ലൈബ്രറിയിലേക്ക് പുതിയ രീതിയിൽ പുസ്തകങ്ങൾ വാങ്ങുന്നതിലേക്കായി തയ്യാറാക്കിയ ഉപാധികളും നിബന്ധനകളും Discount Rate ഉൾപ്പെടെ രണ്ടു വർഷ കാലാവധി നിശ്ചയിച്ച് യോഗം അംഗീകരിച്ചു. കൂടാതെ പുസ്തകങ്ങൾ വാങ്ങുന്ന സമയത്ത് പുതിയ ഡിപ്പാർട്മെന്റുകൾക്ക് കൂടുതൽ മുൻഗണന നൽകുന്നതിനും യോഗം തീരുമാനിച്ചു.

2. തീസിസ് മൂല്യനിർണയത്തിന് ശേഷം PhD അവാർഡ് ചെയ്യുന്നതിന് മുൻപായി INFLIBNET ൽ upload ചെയ്യണമെന്ന ഓഡിറ്റ് നിർദ്ദേശം നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുണ്ട്. നിലവിലുള്ള Author Approval പ്രകാരം ഗവേഷകൻറെ അനുമതി ഇതിനായി ആവശ്യമാണ്. UGC Guide Lines 2016 പ്രകാരം, അപ്രകാരം upload ചെയ്യിട്ടില്ലാത്ത ഗവേഷകരെ അധ്യാപക നിയമനത്തിനു പരിഗണിക്കേണ്ട എന്നുണ്ട്. ആയതിനാൽ മേൽ വിഷയത്തിൽ ഉചിതമായ നിയമോപദേശം തേടുന്നതിന് യോഗം നിർദ്ദേശിച്ചു.

3. ഗവേഷകർ ഇതുവരെ CD യിൽ സമർപ്പിച്ചുവന്ന തീസിസ് Digital Format ഇനി മുതൽ PDF ആയി Pen Drive ലോ ഇമെയിൽ മുഖാന്തരമോ ആയി സമർപ്പിക്കുവാനും, ഓപ്പൺ ഡിഫൻസിനു ശേഷം PhD അവാർഡ് ചെയ്യുന്നതിന് മുൻപായി ലൈബ്രറിയിൽ സമർപ്പിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി വൈസ് ചാൻസലറുടെ അനുമതിക്കായി സമർപ്പിക്കുവാനും യോഗം ശുപാർശ ചെയ്തു.

4. സർവ്വകലാശാലയുടെ ഓൺലൈൻ തീസിസ് പോർട്ടൽ, NITYA യുടെ Server Maintenance നു വേണ്ടിയുള്ള 2024-25 വർഷത്തെ വാർഷിക പരിപാലന കരാർ നിലവിലുള്ള സ്ഥാപനവുമായി പുതുക്കുന്നതിനും NITYA യുടെ പരിഷ്കരിച്ച പതിപ്പ് വാങ്ങുന്നതിലേക്കാവശ്യമായ Proposal സമർപ്പിക്കുവാനായി ലൈബ്രറിയനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആയതിലേക്ക് ലൈബ്രേറിയൻ,

ഐ ടി ഡയറക്ടർ എന്നിവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും യോഗം ശുപാർശ ചെയ്തു.

5. സർവ്വകലാശാലയുടെ വിവിധ സ്റ്റഡി സെന്ററുകളിൽ നിന്നുമുള്ള പുസ്തകങ്ങൾ അനുയോജ്യമായി സൂക്ഷിക്കുവാൻ സർവ്വകലാശാല ലൈബ്രറിയുടെ പീരിയോഡിക്കൽ സെക്ഷനോട് ചേർന്ന് കിടക്കുന്ന Open Terrace ഒരു മുറി ആയി രൂപീകരിക്കുവാൻ ആവശ്യമായ ജോലികൾ ചെയ്യുവാൻ യോഗം അനുമതി നൽകി.

<u>ഇതര വിഷയങ്ങൾ</u>

1. ലൈബ്രറിയിൽ നിലവിലുള്ള സെക്യൂരിറ്റി ക്യാമറകളിൽ തകരാറിൽ ആയവയുടെ കേടുപാടുകൾ പരിഹരിക്കുന്നതിനും ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുന്നതിനും യോഗം അനുമതി നൽകി.

2. KOHA സെർവർ സർവ്വകലാശാലയുടെ Data Server ലേക്ക് മാറ്റുവാനുള്ള മുൻ കമ്മിറ്റി നിർദ്ദേശം നടപ്പിലാക്കുവാൻ യോഗം തീരുമാനിച്ചു.

3. Journal Articles ന്റെ Plagiarism പരിശോധനയ്ക്കായി നിലവിൽ ഉപയോഗിക്കുന്ന Ithenticate software ന് ധാരാളം പോരായ്മകൾ ഉള്ളതിനാൽ Ithenticate ന്റെ പരിഷ്കരിച്ച പതിപ്പായ Ithenticate AI Detection Software വാങ്ങുവാനും യോഗം തീരുമാനിച്ചു.

മേൽ വിവരിച്ച യോഗതീരുമാനങ്ങൾ അടങ്ങിയ പരാമർശം (2) പ്രകാരമുള്ള യോഗത്തിന്റെ മിനുട്സ് വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷൈലജ ടി കെ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി സി യുടെ പ്രൈവറ്റ് സെക്രട്ടറി
2 . രജിസ്ട്രാർ , ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3 . സർവ്വകലാശാല ലൈബ്രേറിയൻ ഇൻ ചാർജ്ജ്
4 . ഫിനാൻസ് 1 / ഓഡിറ്റ് II /III /എഫ് .സി . സി
5 .എ .ഡി. .സി I /II വിഭാഗം / ഐ ക്യൂ എ സി
6 . ജോയിന്റ് ഡയറക്ടർ , കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
7 . ITCell / Unty.Website
8 .റെക്കോർഡ്സ് സെക്ഷൻ /കരുതൽ ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #39 of File 125611/AD A5-1/2023/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 29-Nov-2024 04:45 PM - Page 2